ജില്ലാ എമർജൻസി ഓപ്പറേറ്റിംഗ് സെന്റർ
കളക്ടറേറ്റ്, വയനാട്, കൽപ്പറ്റ.
ഫോൺ നമ്പർ: 04936 202251
ഇ മെയിൽ: deocwyd@gmail.com

**ചെയർപേഴ്സൺ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി & ജില്ലാ കളക്ടർ വയനാടിന്റെ നടപടിക്രമം**

(ഹാജർ: ഡോ.അദീല അബ്ദുള്ള ഐ എ എസ്)

വിഷയം: ഡിസാസ്റ്റർ മാനേജ്മെന്റ്- കോവിഡ്-19- വോളണ്ടിയർമാരുടെ പ്രവർത്തനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

---

DCWYD/2909/2019(1)-DM1 dated 31.03.2020

---

വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പുറത്ത് വിട്ട കണക്കുപ്രകാരം കൊറോണ വൈറസുമൂലമുണ്ടാകുന്ന കോവിഡ്-19 എന്ന രോഗബാധ ഇന്ന് ലോകത്ത് 199 രാജ്യങ്ങളെ ബാധിച്ചിട്ടുണ്ട്. ഇതിനെ പ്രതിരോധിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ 'ലോക്ക് ഔട്ട്' പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഭക്ഷണം ലഭിക്കാതെയും സാധന സാമഗ്രികളും മരുന്നും ലഭിക്കാതെയും കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചനുകൾ ഏർപ്പെടുത്തുകയും മരുന്നുകൾ വാങ്ങി നൽകുന്നതിനും സാധന സാമഗ്രികളും ഭക്ഷണവും വിതരണം ചെയ്യുന്നതിനുമായി വോളണ്ടിയർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന വോളണ്ടിയർമാരുടെ പ്രവർത്തനം സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും വോളണ്ടിയർ മാനേജ്മെന്റ് നോഡൽ ഓഫീസറായി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പരമാവധി 10 വോളണ്ടിയർമാരെ മാത്രമേ ഒരു ദിവസം നിയോഗിക്കാൻ പാടുള്ളൂ. ഇത്തരത്തിൽ ഇവരെ ഒരാഴ്ചക്കാലത്തേയ്ക്കാണ് നിയോഗിക്കേണ്ടത്.
2. സന്നദ്ധം പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത വോളണ്ടിയർമാരെ മാത്രമേ നിയമിക്കാൻ പാടുള്ളൂ.

3. നിയമിക്കുന്ന വോളണ്ടിയർമാർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി നൽകുന്ന പാസുകൾ കാലാവധി രേഖപ്പെടുത്തി നൽകേണ്ടതാണ്.
4. നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വീടുകൾ, ഭക്ഷണം വിതരണം ചെയ്യുന്ന വീടുകൾ, മരുന്നുകൾ വാങ്ങി നൽകുന്നത്, സാധന സാമഗ്രികൾ വാങ്ങി നൽകുന്നത്, പാക്ക് ചെയ്യുന്നത്, വിതരണം നടത്തുന്നത് എന്നിവ ചെയ്യുമ്പോൾ വോളണ്ടിയർമാർ സാമൂഹിക അകലം പാലിക്കുകയും മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.
5. വോളണ്ടിയർമാർ തുടർച്ചയായി 7 ദിവസവും ഡ്യൂട്ടിയ്ക്ക് ഹാജരാകേണ്ടതും തുടർന്നുള്ള 14 ദിവസം നിരീക്ഷണത്തിൽ പ്രവേശിക്കേണ്ടതുമാണ്. ഏഴാമത്തെ ദിവസം വോളണ്ടിയർമാരുടെ പാസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരികെ വാങ്ങി റദ്ദ് ചെയ്യേണ്ടതും ആരോഗ്യ വകുപ്പിന് ഇവരുടെ ലിസ്റ്റ് കൈമാറേണ്ടതുമാണ്.
6. ഓരോ 7 ദിവസങ്ങളിലും നിയോഗിക്കേണ്ട വോളണ്ടിയർമാരുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി (ഒരാഴ്ച്ച മുമ്പ്) തയ്യാറാക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് പാസ്സുകൾ കൈപ്പറ്റേണ്ടതാണ്.
7. കൃത്യമായ ദൂര പരിധി, ഇടയ്ക്കിടെയുള്ള കൈകഴുകൽ, മാസ്ക് ധരിക്കൽ മുതലായ എല്ലാ പ്രതിരോധ മുൻകരുതലുകളും വോളണ്ടിയർമാർ പാലിക്കേണ്ടതാണ്.

ചെയർപേഴ്സൺ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി
&
ജില്ലാ കളക്ടർ

To

എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനസെക്രട്ടറിമാർക്കും.